(ഡി, ഇ) കൊതുകു നശീകരണ പ്രവർത്തനങ്ങൾക്കായി സർക്കാർ 2 കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. ഈ തുക ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിതരണം ചെയ്യുന്നതിനുവേണ്ടി താഴെ പറയും പ്രകാരം ജില്ലാ കളക്ടർമാരെ ഏൽപ്പിച്ചിരിക്കുകയാണ്:

ആലപ്പുഴ	..	30 ലക്ഷം രൂപ.
കോട്ടയം	..	25 ലക്ഷം രൂപ.
തിരുവനന്തപുരം	..	15 ലക്ഷം രൂപ.
കൊല്ലം	..	,, ,,
പത്തനംതിട്ട	..	,, ,,
എറണാകുളം	..	,, ,,
കോഴിക്കോട്	..	,, ,,
ഇടുക്കി	..	10 ലക്ഷം രൂപ.
തൃശ്ശൂർ	..	,, ,,
പാലക്കാട്	..	,, ,,
മലപ്പുറം	..	,, ,,
വയനാട്	..	,, ,,
കണ്ണൂർ	..	,, ,,
കാസർകോട്	..	,, ,,

(എഫ്) ഫോഗിംഗ് മെഷീൻ ഉപയോഗിച്ച് കൊതുകുകളെ നശിപ്പിക്കുക, രാസപദാർത്ഥങ്ങൾ, കീടനാശിനികൾ എന്നിവ തളിക്കുക, കെട്ടിക്കിടക്കുന്ന വെള്ളം വാർന്നുപോകാൻ ഏർപ്പാട് ചെയ്യുക, ചപ്പു ചവറുകൾ അടിയന്തിരമായി നീക്കുക എന്നീ പ്രതിരോധ നടപടികൾ സ്വീകരിക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

തങ്കശ്ശേരി മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

*6 [93] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ:
,, പി. രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ശാസ്ത്രീയമായ പഠനങ്ങൾ നടത്താതെയാണ് പുലിമുട്ട് നിർമ്മാണം ആരംഭിച്ചിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തുറമുഖ പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കപ്പെട്ടവരെയും കടലാക്രമണംമൂലം ഒഴിക്കപ്പെട്ടവരായ മത്സ്യത്തൊഴിലാളികളെയും പുനരധിവസിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പുനരധിവാസ പദ്ധതികൾ യഥാസമയം നടക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ടെങ്കിൽ ഇത്തരം എത്ര മത്സ്യത്തൊഴിലാളികളെ ഇനിയും പുനരധിവസിപ്പിക്കേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ):

(എ) 550 മീറ്റർ നീളമുള്ള ലീവേഡ് ബ്രേക്ക് വാട്ടറിന്റെ പണി 221 മീറ്ററും 2100 മീറ്റർ നീളമുള്ള മെയിൻ ബ്രേക്ക് വാട്ടറിന്റെ പണി 1250 മീറ്ററും പൂർത്തിയായിട്ടുണ്ട്. ആക്ഷൻ ഹാളിന്റെ ഡിസൈൻ തയ്യാറായിക്കഴിഞ്ഞു. അപ്രോച്ച് റോഡിന്റെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. ഇൻസ്പെക്ഷൻ ബംഗ്ളാവ്, സൈറ്റ് ഓഫീസ് എന്നിവയുടെ പണിയും പൂർത്തിയായിട്ടുണ്ട്. കാർട്ടേഴ്സിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. എന്നാൽ പൂനയിലെ സി. ഡബ്ല്യു. പി. ആർ. എസ്. എന്ന റിസർച്ച് കേന്ദ്രത്തിൽ നടത്തിയ മാതൃകാ പഠനത്തിന്റെ വെളിച്ചത്തിലാണ് പുലിമുട്ട് നിർമ്മാണം ആരംഭിച്ചത്.

(സി) പദ്ധതിയുടെ നിർമ്മാണത്തിനായി 8 മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് ഒഴിപ്പിക്കേണ്ടി വരുന്നത്. ഇതുവരെയും പ്രസ്തുത കുടുംബങ്ങളെ ഒഴിപ്പിച്ചിട്ടില്ല. നഷ്ടപരിഹാരം നൽകി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

കടലാക്രമണംമൂലം ഒഴിപ്പിക്കപ്പെട്ടവരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ നടപടികൾ കാലാകാലങ്ങളിൽ റവന്യൂ വകുപ്പ് കൈക്കൊണ്ടുവരുന്നുണ്ട്. അവരുടെ പുനരധിവാസം പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യമല്ല.

(ഡി) 'സി'-യിലെ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ബാധകമല്ല.

പഞ്ചായത്ത്രാജ് ആക്ടിൻപ്രകാരമുള്ള ചട്ടങ്ങൾ നിർമ്മിക്കുന്നതിലെ കാലതാമസം

*7 [94] ശ്രീ. ഒ. ഭരതൻ:
,, പിണറായി വിജയൻ:
,, ലോനപ്പൻ നമ്പാടൻ:
,, എം. നാരായണൻ (കുഴൽമന്ദം): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ലെ പഞ്ചായത്ത് രാജ് ആക്ട് എന്നാണ് നിലവിൽ വന്നത്;

(ബി) ആക്ടിൻപ്രകാരമുള്ള ചട്ടങ്ങൾ മുഴുവൻ ഉണ്ടാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly